# ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

**ഹാജർ :– കെ.എം. ദേവിക, ന്യായാധികാരി**

**തീയതി : 2026 ഏപ്രിൽ 22, ബുധൻ**

2 വൈശാഖം , 1948)

**എം.സി. നമ്പർ 8/2025**

| | | |
|---|---|---|
| ഹർജിക്കാരി | : | ലേഖ @ മിനി വയസ്സ്: 54, W/o.സന്തോഷ്, വടക്കേഅറവൻപള്ളിൽ, തലയാഴം പി.ഒ , തലയാഴം കര, തലയാഴം വില്ലേജ്, വൈക്കം താലൂക്ക്, കോട്ടയം ജില്ല. |
| പ്രതിനിധീകരിക്കുന്നത് | : | അഭിഭാഷകൻ : പി.എസ്.രഞ്ജിത് |
| എതിർകക്ഷി | 1. | കെ.വി സന്തോഷ്, വയസ്സ്: 54, S /o.ലക്ഷ്മി , ഒറ്റപ്പടം ഹൗസ് ,ചെങ്ങളം പി.ഒ, ചെങ്ങളം വില്ലേജ് ,കോട്ടയം താലൂക്ക് **ഇപ്പോൾ താമസിക്കുന്നത്** വാലേപ്പറമ്പിൽ ഹൗസ്, ഇടവരമ്പ് പി.ഒ ചെറുപുഴ പഞ്ചായത്ത്, ഇടവരമ്പ് വില്ലേജ്, കണ്ണൂർ ജില്ല |
| പ്രതിനിധീകരിക്കുന്നത് | | – |
| വകുപ്പ് | : | ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005, 12–)ം വകുപ്പ് പ്രകാരം ബോധിപ്പിക്കുന്ന ഹർജി. |

| | | |
|---|---|---|
| നിവൃത്തി | : | ഹർജി അനുവദിച്ച് ഉത്തരവാകുന്നു. |

18.04.2026 തീയതി വാദം കേൾക്കുകയും 22.04.2026 തീയതി ഈ കോടതി താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

## ഉത്തരവ്

ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005, 12–)o വകുപ്പ് പ്രകാരം ബോധിപ്പിക്കുന്ന ഹർജിയാണിത്.

2. ഹർജി ചുരുക്കം: – ഹർജിക്കാരിയും എതൃകക്ഷിയും ഭാര്യാഭർത്താക്കന്മാരാണ്. ഇവർ തമ്മിലുള്ള വിവാഹം 13.11.2006ൽ ഹിന്ദുമതാചാര പ്രകാരം തൃപ്പക്കടം ദേവസ്വം ക്ഷേത്രത്തിൽ വച്ച് നടന്നിട്ടുള്ളതാണ്. വിവാഹസമയം ഹർജിക്കാരിയുടെ ഓഹരിയായും വിവാഹസമ്മാനമായും 12 പവൻ സ്വർണ്ണാഭരണങ്ങൾ അണിയിച്ചിട്ടുള്ളതും 50,000/– രൂപ നല്കിയിട്ടുള്ളതുമാണ്. വിവാഹശേഷം ഇരുകൂട്ടരും എതൃകക്ഷിയുടെ വീട്ടിൽ താമസിച്ചു വന്നിരുന്നതാണ്. വിവാഹ ദിവസം എതൃകക്ഷി മദ്യപിച്ചിരുന്നതും ഫോട്ടോ എടുക്കാൻ പോലും കഴിയാത്ത അവസ്ഥയിൽ ആയിരുന്നു. കല്യാണത്തിന് ഹർജിക്കാരിക്ക് നൽകിയ സ്വർണം കുറഞ്ഞു പോയി എന്ന് പറഞ്ഞ് എതൃകക്ഷി ഹർജിക്കാരിയെ അടിക്കുകയും അസഭ്യം പറയുകയും ചെയ്തിട്ടുള്ളതാകുന്നു. ഹർജിക്കാരി എതൃകക്ഷിക്ക് സ്വർണം നൽകാത്തതിനെ തുടർന്ന് മുടിക്ക് കുത്തിപ്പിടിച്ച് മുഖത്തടിച്ച് പരിക്കേൽപ്പിച്ചിരുന്നു. കൂടാതെ ഹർജിക്കാരിയോട് മിണ്ടുകയോ ഭാര്യ എന്ന പരിഗണന നല്കാതെ മാനസികമായി

GRAM NYAYALAYA VAIKOM, NANADAM - 686 143

പീഢിപ്പിച്ചിട്ടുള്ളതാകുന്നു. 25.12.2006 തീയ്യതി 50,000/- രൂപ ഹർജിക്കാരിയുടെ പക്കൽ നിന്നും എതൃകക്ഷിയുടെ കടം വീട്ടുന്നതിന് വേണ്ടി ഒരു ട്രസ്റ്റീ എന്ന നിലയിൽ ടിയാൻ വാങ്ങിയിട്ടുള്ളതാണ്. 2007 ജനുവരി മാസം ഹർജിക്കാരിയുടെ 1 ½ പവൻ തൂക്കം വരുന്ന 2 സ്വർണ്ണവളകൾ തിരികെനൽകിക്കൊള്ളാം എന്ന് പറഞ്ഞു എതൃകക്ഷി വാങ്ങിയിട്ടുള്ളതാണ്. കൂടാതെ ഹർജിക്കാരിയുടെ 2 ½ പവൻ തൂക്കം വരുന്ന സ്വർണ്ണ ഷോ മാലയും 1½ പവൻ തൂക്കം വരുന്ന സ്വർണ്ണ നെക്ലേസും ½ പവൻ തൂക്കം വരുന്ന 2 സ്വർണ്ണ കമ്മലുകളും ഒരു പവൻ തൂക്കം വരുന്ന വിവാഹമോതിരവും എതൃകക്ഷി ഹർജിക്കാരിയിൽ നിന്നും ട്രസ്റ്റീ എന്ന നിലയിൽ വാങ്ങിയിട്ടുള്ളതാണ്. ടി സ്വർണ്ണം മുഴുവൻ കൈക്കലാക്കിയ ശേഷം ഹർജിക്കാരിയെ ഒഴിവാക്കുന്നതിനായി ശാരീരികമായും മാനസികമായും ഉപദ്രവിച്ചിരുന്നതും 2007 ൽ ഇരുകക്ഷികളും ബൈക്കിൽ വരുന്ന സമയം എതൃകക്ഷി ഹർജിക്കാരിയെ കൊല്ലുമെന്ന് പറഞ്ഞു ഭീഷണിപ്പെടുത്തുകയും ബൈക്ക് ചെരിച്ച് തെന്നിക്കുകയും ഹർജിക്കാരി തെറിച്ച് റോഡിൽ വീണിട്ടുള്ളതുമാകുന്നു. ഈ സംഭവത്തിൽ ഹർജിക്കാരിയുടെ കൈ ഒടി ഞ്ഞിട്ടുള്ളതുമാകുന്നു. എതൃകക്ഷി മിക്ക ദിവസങ്ങളിലും ഹർജിക്കാരിയെ ശ്വാസം മുട്ടിക്കുകയും ഭക്ഷണം നൽകാതിരിക്കുകയും ഒടിഞ്ഞ കയ്യിൽ പിടിച്ച് തിരിച്ച് ഉപദ്രവിക്കുമായിരുന്നു. 15.08.2009 തീയ്യതി എതൃകക്ഷിയുടെ വീട്ടിലാണ് ഹർജിക്കാരി താമസിച്ചിരുന്നത്. ഹർജിക്കാരി അവരാതിച്ച് നടക്കുന്ന സ്ത്രീയാണെന്നും അയൽവാസികളുമായി അസന്മാർഗ്ഗിക ലൈംഗിക ബന്ധം ഉണ്ട് എന്നാരോപിച്ച് എതൃകക്ഷി ഹർജിക്കാരിയെ ശാരീരികമായി ഉപദ്രവിക്കുമായിരുന്നു. എതൃകക്ഷിയുടെ കൂടെ ജീവിച്ചാണ് തന്റെ ജീവന് തന്നെ ആപത്ത് സംഭവിക്കും എന്ന് മനസ്സിലാക്കിയ ഹർജിക്കാരി ടിയാളെ വീട്ടിൽ കൊണ്ടുചെന്നാക്കാൻ ആവശ്യപ്പെട്ടത് പ്രകാരം ടിയാളെ വീട്ടിൽ കൊണ്ടുചെന്ന് ആക്കിയിട്ടുള്ളതാണ്. മധ്യസ്ഥന്മാർ ഇടപെട്ടെങ്കിലും മധ്യസ്ഥ നിർദ്ദേശങ്ങൾക്കൊന്നും

എതൃകക്ഷി വഴങ്ങിയിട്ടില്ലാത്തതാണ്. തുടർന്ന് എതൃകക്ഷി യാതൊരു മുന്നറിയിപ്പും കൂടാതെ ടിയാന്റെ വീട്ടിൽ നിന്ന് പോവുകയും ആയതിനെ തുടർന്ന് ഹർജിക്കാരി പരാതിപ്പെട്ടെങ്കിലും അധികാരികൾക്ക് കണ്ടെത്താൻ സാധിക്കാതെ വന്നിട്ടുള്ളതാണ്. തുടർന്ന് ഹർജിക്കാരി നടത്തിയ അന്വേഷണത്തിൽ എതൃകക്ഷി കണ്ണൂർ ജില്ലയിൽ ഹർജിയിൽ പറഞ്ഞിരിക്കുന്ന വിലാസത്തിൽ താമസിച്ചുവരുന്നതായി അറിവ് ലഭിച്ചിട്ടുള്ളതാണ്. ഹർജിക്കാരിയെ മനപ്പൂർവം ഉപേക്ഷിച്ചാണ് എതൃകക്ഷി ജീവിച്ചുവരുന്നത്. ഹർജിക്കാരി തൊഴിൽ രഹിതയാണ്. ടിയാൾക്കു പ്രതിമാസം 7500/- രൂപ ജീവിതച്ചെലവ് വരുന്നതാണ്. ആയതിനാൽ ഹർജിക്കാരിക്ക് 7500/- രൂപ പ്രതിമാസം ജീവനാംശം നൽകണമെന്നും എതൃകക്ഷി കൈക്കലാക്കിയ 50,000/-രൂപയും 12 പവൻ സ്വർണ്ണാഭരണങ്ങളോ അതിനു തത്തുല്യമായ മാർക്കറ്റ് വിലയോ തിരികെ നൽകണമെന്നും ഹർജിക്കാരിയെ പീഡിപ്പിച്ചതിലേക്കുള്ള നഷ്ടപരിഹാരമായി 2,00,000/- രൂപ നല്കണമെന്നും അപേക്ഷിച്ചുകൊണ്ടാണ് മേൽ നമ്പർ ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

3. ഹർജി ഫയലിൽ സ്വീകരിച്ച് എതൃകക്ഷിക്ക് നോട്ടീസ് അയച്ചു. വിലാസത്തിൽ അങ്ങനെയൊരാളില്ല എന്ന് കാണിച്ച് നോട്ടീസ് മടങ്ങിയിട്ടുള്ളതും ആയതിനു ശേഷം എതൃകക്ഷിയുടെ പുതിയ മേൽവിലാസം ഹർജിക്കാരി ഹാജരാക്കി തന്നതിലേക്കു നോട്ടീസ് അയച്ചിട്ടുള്ളതാണ് . എന്നാൽ ടി നോട്ടീസ് കൈപ്പറ്റാൻ വിസമ്മതിച്ചു എന്ന് കാണിച്ചു മടങ്ങിയിട്ടുള്ളതാണ്. പിന്നീട് പത്രപരസ്യം നല്കുന്നതിലേക്കായി ഹർജിക്കാരി ഹർജി ഫയൽ ചെയ്തിട്ടുള്ളതും ആയതനുവദിച്ച് പത്രപ്പരസ്യം നല്കിയിട്ടുള്ളതുമാണ്. എന്നാൽ ആയതിനു ശേഷവും എതൃകക്ഷി കോടതിയിൽ ഹാജരാകാത്തതിനെ തുടർന്ന് ടിയാനെതിരെ MC എക്സ്-പാർട്ടി ആയി നീങ്ങിയിട്ടുള്ളതാണ്.

GRAM NYAYALAYA VAIKOM, NANADAM - 686 143

4. ഹർജിക്കാരിയെ PW1 ആയി വിസ്തരിച്ചു. Ext.P1 രേഖ മാർക്ക് ചെയ്തു. ഹർജിക്കാരി ഭാഗം സാക്ഷിയെ PW2 ആയി വിസ്തരിച്ചു.

5. മേൽ വിവരിച്ച വാദങ്ങളുടെയും തർക്കങ്ങളുടെയും അടിസ്ഥാനത്തിൽ താഴെ പറയുന്ന സംഗതികൾ കോടതിയുടെ പരിഗണനയ്ക്കായി വന്നു:-

i. ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമ പ്രകാരം ഹർജിക്കാരി ആക്രമിക്കപ്പെട്ട വ്യക്തിയാണോ?

ii. ഹർജിക്കാരിക്ക് പ്രതി മാസം ജീവിത ചെലവ് ലഭിക്കുന്നതിന് അർഹതയുണ്ടോ? ഉണ്ടെങ്കിൽ എത്ര രൂപ?

iii. ഹർജിക്കാരിക്ക് 50,000/- രൂപയും 12 പവൻ സ്വർണഭാരണങ്ങളോ അതിന്റെ തത്തുല്യമായ മാർക്കറ്റ് വിലയോ ലഭിക്കുവാൻ അർഹതയുണ്ടോ?

iv. ഹർജിക്കാരിക്ക് ഏറ്റ പീഡനങ്ങൾക്ക് നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ടോ ഉണ്ടെങ്കിൽ എത്ര രൂപ?

6. <u>1-)ാ സംഗതി</u>:- ഹർജിക്കാരിയെ PW1 ആയി വിസ്തരിച്ചു. Ext.P1 രേഖ മാർക്ക് ചെയ്തു. ടിയാൾ ഹർജി സംഗതികൾ അവർത്തിച്ചുകൊണ്ടു തെളിവ് സത്യവാങ്മൂലം ഫയൽ ചെയ്തു. ടി സത്യവാങ്മൂലം പരിശോധിച്ചതിൽ സ്വർണ്ണം നൽകിയത് കുറഞ്ഞുപോയി എന്ന് പറഞ്ഞു എതൃകക്ഷി ഹർജിക്കാരിയെ ശാരീരികമായി പീഡിപ്പിച്ചു എന്ന് കാണാം. കൂടാതെ 25.12.2006 തീയ്യതി എതൃകക്ഷി ഹർജിക്കാരിയുടെ പക്കൽ നിന്നും കടം വീട്ടുന്നതിനായി 50,000/- രൂപ വാങ്ങിയതായും 2007 ജനുവരി മാസം മുതൽ ജൂൺ മാസം അവസാനം വരെ വരുന്ന കാലയളവിൽ

GRAM NYAYALAYA VAIKOM, NANADAM - 686 143

ഹർജിക്കാരിയുടെ പക്കൽ നിന്നും 1 ½ പവൻ തൂക്കം വരുന്ന 2 സ്വർണ്ണ വളകളും 2 ½ പവൻ തൂക്കം വരുന്ന സ്വർണ്ണ ഷോ മാലയും 1½ പവൻ തൂക്കം വരുന്ന സ്വർണ്ണ നെക്ലേസും ½ പവൻ തൂക്കം വരുന്ന 2 സ്വർണ്ണ കമ്മലുകളും ഒരു പവൻ തൂക്കം വരുന്ന വിവാഹമോതിരവും എതൃകക്ഷി വാങ്ങിയിട്ടുള്ളതായും കാണുന്നു. കൂടാതെ 2007 വർഷം അവസാനം ഇരുകക്ഷികളും ബൈക്കിൽ വരുന്ന സമയം എതൃകക്ഷി ഹർജിക്കാരിയെ കൊല്ലുമെന്ന് പറഞ്ഞു ഭീഷണിപ്പെടുത്തുകയും ബൈക്ക് ചെരിച്ച് തെന്നിക്കുകയും ഹർജിക്കാരി തെറിച്ച് റോഡിൽ വീണിട്ടുള്ളതുമാകുന്നു. ഈ സംഭവത്തിൽ ഹർജിക്കാരിയുടെ കൈ ഒടിഞ്ഞിട്ടുള്ളതുമാകുന്നു. എതൃകക്ഷി മിക്ക ദിവസങ്ങളിലും ഹർജിക്കാരിയെ ശ്വാസം മുട്ടിക്കുകയും ഭക്ഷണം നൽകാതിരിക്കുകയും ഒടിഞ്ഞ കയ്യിൽ പിടിച്ച് തിരിച്ച് ഉപദ്രവിച്ചതായും കാണുന്നു. 2009 ഓഗസ്റ്റ് 15–ാം തീയ്യതി എതൃകക്ഷി ഹർജിക്കാരിയെ കൈകൊണ്ടു ഇടതു കവിളിൽ ആഞ്ഞ് അടിക്കുകയും നാഭിഭാഗത്തു ചവിട്ടി നിലത്തിടുകയും ചെയ്തു എന്ന് കാണുന്നു. കൂടാതെ ഇതേ സംഗതികൾ ആവർത്തിച്ചു കൊണ്ട് PW2 യും തെളിവ് സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. ആയതിനെ ഖണ്ഡിക്കുന്ന യാതൊരു തെളിവും കോടതി മുൻപാകെ ഇല്ല. ഇതെല്ലാം കൊണ്ട് തന്നെ ഹർജിക്കാരി ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീകളുടെ സംരക്ഷണ നിയമ പ്രകാരം ആക്രമിക്കപ്പെട്ട വ്യക്തിയാണ് എന്ന് കാണാം.

7. <u>2–ാം സംഗതി</u>:– ഒന്നാം സംഗതിയിൽ ഹർജിക്കാരി ഗാർഹിക പീഡനം ഏറ്റ സ്ത്രീയാണ് എന്ന് കണ്ടു കഴിഞ്ഞു. മാത്രമല്ല ഹർജിയിലും തെളിവ് സത്യവാങ്മൂലത്തിലും ഹർജിക്കാരിക്ക് വരുമാനം ഒന്നും ഇല്ല എന്നാണ് പറഞ്ഞു കാണുന്നത്. ആയതിനെ ഖണ്ഡിക്കുന്ന യാതൊരു തെളിവും കോടതി മുമ്പാകെ ഇല്ല. ആയതിനാൽ ഹർജിക്കാരിക്ക് പ്രതിമാസം ജീവനാംശം ലഭിക്കുവാൻ അർഹതയുണ്ട്.

GRAM NYAYALAYA
VAIKOM

8. ഹർജിയിൽ ഹർജിക്കാരിക്ക് പ്രതിമാസം 7,500/- രൂപ ജീവിത ചെലവിനായി എതൃകക്ഷിയിൽ നിന്നും ലഭിക്കണം എന്നാണ് പറയുന്നത്. ഹർജിക്കാരിയുടെ അസ്ഥികളും ബാദ്ധ്യതകളും കാണിക്കുന്ന തെളിവ് സത്യവാങ്മൂലത്തിൽ ടിയാൾക്ക് പ്രതിമാസം 7500/- രൂപ ചെലവ് വരുന്നതായും ടിയാൾ നിലവിൽ പ്രായമായ എന്റെ സഹോദരനൊപ്പമാണ് കഴിയുന്നത് എന്നും എതൃകക്ഷി Auto body painter ആണ് എന്നും 40,000/- രൂപ പ്രതിമാസം വരുമാനം ഉണ്ട് എന്നും പറഞ്ഞുകാണുന്നു. ആയതിനെ ഖണ്ഡിക്കുന്ന യാതൊന്നും കോടതി മുൻപാകെ ഇല്ലാത്തതാണ് . ആയതിനാൽ ഹർജിക്കാരിക്ക് പ്രതിമാസം 7500/- രൂപ ജീവനാംശം ലഭിക്കുവാൻ അർഹതയുണ്ട് എന്ന് കാണുന്നു.

9. <u>3-ാം സംഗതി:-</u> ഹർജിക്കാരിക്ക് വിവാഹത്തിന് ലഭിച്ച 50,000/- രൂപയും സ്വർണ്ണാഭരണങ്ങളും പലപ്പോഴായി എതൃകക്ഷി ഹർജിക്കാരിയുടെ പക്കൽ നിന്നും വാങ്ങിച്ചെടുത്തതായി ഹർജി സംഗതികൾ കൊണ്ടും PW1 ന്റെയും PW2 ന്റെയും തെളിവ് സത്യവാങ്മൂലം കൊണ്ടും കാണുന്നു. എന്നാൽ Ext.P1 ആയി മാർക്ക് ചെയ്തിരിക്കുന്ന സമ്മതപത്രത്തിൽ 12 പവൻ സ്വർണ്ണം 2011 മെയ് 30 തീയ്യതിക്കകം തിരികെ നൽകാം എന്ന് സമ്മതിച്ചതായാണ് കാണുന്നത്. ടി സമ്മതപത്രത്തിന്റെ സാധുതയെ ഖണ്ഡിക്കുന്ന യാതൊരു തെളിവും കോടതി മുമ്പാകെ ഇല്ലാത്തതാണ്. ആയതിനാൽ ഹർജിക്കാരിക്ക് 50,000/- രൂപയും 12 പവൻ സ്വർണ്ണാഭരണമോ അതിന്റെ തത്തുല്യമായ മാർക്കറ്റ് വിലയോ ലഭിക്കുവാൻ അർഹതയുണ്ട് എന്ന് കാണുന്നു.

GRAM NYAYALAYA VAIKOM, NADAM

10. <u>4-ാം സംഗതി:-</u> ഹർജിക്കാരി ഗാർഹിക പീഡനം ഏറ്റ വ്യക്തിയാണെന്ന് മുകളിൽ കണ്ടു കഴിഞ്ഞതാണ്. ആയതിനാൽ ഹർജിക്കാരിക്ക് ടി ഗാർഹിക പീഡനങ്ങൾ ഏറ്റതിന് നഷ്ടപരിഹാരം ലഭിക്കുവാൻ അർഹതയുണ്ട് എന്ന് കാണുന്നു.

11. ഹർജിക്കാരി ആവശ്യപ്പെട്ടിരിക്കുന്ന തുക 2,00,000/- രൂപയാണ്. എന്നാൽ എതൃകക്ഷിയുടെ വരുമാനം കണക്കിലെടുക്കുമ്പോൾ ആയതു വളരെ കൂടുതൽ ആണെന്ന് കാണുന്നു. ആയതിനാൽ ഹർജിക്കാരിക്ക് 1,00,000/- രൂപ നഷ്ടപരിഹാരമായി ലഭിക്കാൻ അർഹത ഉണ്ട് എന്ന് കാണുന്നു.

12. ഒന്ന് മുതൽ നാല് വരെയുള്ള സംഗതികളിൽ ഈ കോടതി എത്തിച്ചേർന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഹർജി താഴെ പറയുന്ന പ്രകാരം അനുവദിച്ച് കല്പനയായിരിക്കുന്നു :-

i. ഹർജിക്കാരിക്ക് ഹർജി തിയതി മുതൽ പ്രതിമാസം 7500/- ജീവനാംശം നൽകുവാൻ എതൃകക്ഷിയോട് കൽപ്പിച്ച് ഉത്തരവാകുന്നു.

ii. ഹർജിക്കാരിയുടെ പക്കൽ നിന്നും കൈപ്പറ്റിയ 50,000/- രൂപയും 12 പവൻ സ്വർണ്ണാഭരണങ്ങളോ അതിനു തത്തുല്യമായ ഇപ്പോഴത്തെ മാർക്കറ്റ് വിലയോ ഈ ഉത്തരവുണ്ടായി 12 മാസത്തിനുള്ളിൽ ഹർജിക്കാരിക്ക് നൽകുവാൻ എതൃകക്ഷിയോട് കൽപ്പിച്ചു ഉത്തരവാകുന്നു.

GRAM NYAYALAYA
VAIKOM, NANADAM - 686 143

iii. ഹർജിക്കാരിക്ക് ഏറ്റ പീഡനങ്ങൾക്കു നഷ്ടപരിഹാരമായി 1,00,000/- രൂപ ഈ ഉത്തരവുണ്ടായി 12 മാസത്തിനുള്ളിൽ ഹർജിക്കാരിക്ക് നൽകുവാൻ എതൃകക്ഷിയോട് കൽപ്പിച്ച ഉത്തരവാകുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കേട്ടെഴുതി വിവരങ്ങൾ ടൈപ്പ് ചെയ്തിട്ടുള്ളതും ഞാൻ തെറ്റ് തിരുത്തിയിട്ടുള്ളതും, 2026-)മാണ്ട് ഏപ്രിൽ മാസം 22-)o തീയതി ബുധനാഴ്ച തുറന്ന കോടതിയിൽ ഈ ഉത്തരവ് പ്രഖ്യാപിച്ചിട്ടുള്ളതാണ്.)

ഒപ്പ്/-
**കെ.എം. ദേവിക**
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, നാനാടം, വൈക്കം**

## <u>അനുബന്ധം</u>

**<u>ഹർജിക്കാരി ഭാഗം വിസ്തരിച്ച സാക്ഷി</u> :**

| | |
|---|---|
| PW1 | ലേഖ @ മിനി |
| PW2 | സുനിൽകുമാർ |

**<u>ഹർജിക്കാരി ഭാഗം രേഖകൾ</u> : -**

| | | | |
|---|---|---|---|
| Ext.P1 | 13.11.2006 | സമ്മത പത്രം | തെളിയിച്ചത് PW1 |

ഒപ്പ്/-
**ന്യായാധികാരി**
**ഗ്രാമ ന്യായാലയം, നാനാടം, വൈക്കം**

**//ശരിപ്പകർപ്പ്//**

കെ.എം. ദേവിക
ന്യായാധികാരി
ഗ്രാമ ന്യായാലയം, നാനാടം, വൈക്കം

GRAMA NYAYALAYA
VAIKOM, NANADAM - 686 143

<u>ഉത്തരവ്</u>

ശരിപ്പകർപ്പ്

എം.സി. നമ്പർ :8/2025

തീയതി: 22.04.2026